**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4038** **28-06-2024 - ൽ മറുപടിയ്ക്ക്**

**പെരിങ്ങോം താലൂക്ക് ആശുപത്രി നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പെരിങ്ങോം താലൂക്ക് ആശുപത്രി നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | നബാർഡ് ഫണ്ട് ഉപയോഗിച്ച് 12 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് പെരിങ്ങോം താലൂക്ക് ആശുപത്രിയിൽ നടക്കുന്നത്. പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗത്തിനാണ് നിർമ്മാണ ചുമതല. ഒന്നാം ഘട്ട നിർമ്മാണ പ്രവൃത്തികൾ 13/02/2023-ന് ആരംഭിച്ചു. ഒരു നിലയുള്ള ഒന്നും രണ്ടും ബ്ലോക്കുകളും രണ്ട് നിലകളുള്ള മൂന്നാമത്തെ ബ്ലോക്കുമാണ് നിർമ്മിക്കുന്നത്. നിലവിൽ 42 ശതമാനം പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. നിർമ്മാണം പൂർത്തിയായാൽ ഒ.പി കൺസൾട്ടേഷൻ റൂം, ലാബ്, ബ്ലഡ് സ്റ്റോറേജ്. റിസപ്ഷൻ, കാഷ്വാലിറ്റി, എക്സ്റേ, സ്റ്റോർ എന്നീ സൗകര്യങ്ങൾ ലഭ്യമാകുന്നതാണ്. |
| (ബി) | പ്രസ്തുത ആശുപത്രിയുടെ പ്രവൃത്തി പൂർത്തീകരിച്ച് എന്നത്തേക്ക് ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്ന് അറിയിക്കാമോ? | (ബി) | 2025 മാർച്ച് മാസത്തോടു കൂടി നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ